പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 680 03.11.2016-ലെ മറുപടിയ്ക്ക്

**പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കുള്ള സംവരണത്തോത്**

**ചോദ്യം**

ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീ.മുരളി പെരുനെല്ലി
ശ്രീ.കെ.വി.വിജയദാസ്
ശ്രീ . എം.രാജഗോപാലൻ:

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
( മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കഴിഞ്ഞ പത്ത് വർഷക്കാലത്തിനിടയിൽ ലഭിച്ച സംവരണത്തോത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) | ഉണ്ട്.കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ 14 (എ) പ്രകാരം സർക്കാർ വകുപ്പുകളിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 10% പ്രാതിനിധ്യം (8%പട്ടികജാതി-പട്ടികവർഗ്ഗം/ 2% പട്ടികവർഗ്ഗം മാത്രം) സംവരണം ചെയ്യുകയും, ആയത് നിയമപ്രകാരം നികത്തുന്നുണ്ടോ എന്ന് എല്ലാ വർഷവും ജനുവരി 1 പ്രാബല്യത്തിൽ തൊട്ടുമുൻവർഷത്തെ പ്രാതിനിധ്യം പരിശോധിക്കുകയും ചെയ്തു വരുന്നു. |
| ബി) | നിശ്ചിത സംവരണത്തോത് പാലിയ്ക്കപ്പെടുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്നത്; | ബി) | 10% സംവരണത്തോത് പാലിയ്ക്കപ്പെട്ടുന്നതിനായി വിവിധ സർക്കാർ വകുപ്പുകളിലെ ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളിലുള്ള പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗം ജീവനക്കാരുടെ എണ്ണം ഓരോ വർഷവും ജനുവരി ഒന്ന് അടിസ്ഥാനമാക്കി അവലോകനം ചെയ്യുകയും പ്രാതിനിധ്യക്കുറവ് കാണുന്ന വകുപ്പുകളിൽ മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തു ന്നതിനാവശ്യമായ തസ്തികകൾ കണ്ടെത്തി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിനായി റിസർവ്വ് ചെയ്യുകയും ചെയ്യുന്നു. ഇപ്രകാരം റിസർവ്വ് ചെയ്ത് നൽകുന്ന തസ്തികകളിൽ വകുപ്പുകൾ യഥാസമയം നിയമനം നടത്തുന്നുണ്ടോ എന്ന കാര്യം ഓരോ മൂന്ന് മാസം കൂടുമ്പോഴും സർക്കാർ റിവ്യൂ ചെയ്യുന്നുണ്ട്. |
| സി | ഇതിന് എന്തെങ്കിലും പ്രത്യേക സംവിധാനം നിലവിലുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ? | സി) | ഈ വിഷയം കൈകാര്യം ചെയ്യുന്നതിന് മാത്രമായി പൊതുഭരണ വകുപ്പിന് കീഴിൽ 'എംപ്ലോയ് മെന്റ് സെൽ' എന്ന വകുപ്പ് നിലവിലുണ്ട്.ഈ വകുപ്പ് സർക്കാർ സർവ്വീസിലെ ഈ വിഭാഗക്കാരുടെ പ്രാതിനിധ്യം വിശകലനം ചെയ്യുകയും തുടർനടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. |

Saseendra

സെക്ഷൻ ഓഫീസർ